സൂറഃ-7

# അൽ അഅ്റാഫ്

وَٱلَّذِينَ كَذَّبُوا۟ بِـَٔايَـٰتِنَا سَنَسْتَدْرِجُهُم مِّنْ حَيْثُ لَا يَعْلَمُونَ ﴿١٨٢﴾
وَأُمْلِى لَهُمْ ۚ إِنَّ كَيْدِى مَتِينٌ ﴿١٨٣﴾
أَوَلَمْ يَتَفَكَّرُوا۟ ۗ مَا بِصَاحِبِهِم مِّن جِنَّةٍ ۚ إِنْ هُوَ إِلَّا نَذِيرٌ مُّبِينٌ ﴿١٨٤﴾
أَوَلَمْ يَنظُرُوا۟ فِى مَلَكُوتِ ٱلسَّمَـٰوَٰتِ وَٱلْأَرْضِ وَمَا خَلَقَ ٱللَّهُ
مِن شَىْءٍ وَأَنْ عَسَىٰٓ أَن يَكُونَ قَدِ ٱقْتَرَبَ أَجَلُهُمْ ۖ فَبِأَىِّ حَدِيثٍۭ
بَعْدَهُۥ يُؤْمِنُونَ ﴿١٨٥﴾

**182.** നമ്മുടെ സൂക്തങ്ങളെ നിഷേധിച്ചവരുണ്ടല്ലോ, അവരെ അവരറിയാത്തവണ്ണം നാം ക്രമേണ നാശത്തിലേക്കു കൊണ്ടുപോകുന്നതാകുന്നു.
**183.** അവർക്കു നാം അവസരം നൽകിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ ആസൂത്രണം സുഭദ്രമത്രെ.
**184.** ഈയാളുകൾ ഒട്ടും ചിന്തിച്ചുനോക്കിയിട്ടില്ലയോ? അവരുടെ സഖാവിന് യാതൊരു ചിത്തഭ്രമവുമില്ല. തെളിഞ്ഞ മുന്നറിയിപ്പുകാരൻ തന്നെയാണദ്ദേഹം.
**185.** അവർ തീരെ നിരീക്ഷിച്ചിട്ടില്ലയോ; ആകാശഭൂമികളുടെ സംവിധാനത്തെയും, അല്ലാഹു സൃഷ്ടിച്ച ഏതെങ്കിലും വസ്തുവിനെയും തങ്ങളുടെ ജീവിതാവധി അവസാനിക്കാറായിക്കൊണ്ടിരിക്കുന്നതിനെയും? ഈ അന്തിമവേദത്തിനു ശേഷം അവർക്ക് വിശ്വസിക്കാൻ മറ്റെന്തു സന്ദേശമാണുള്ളത്?

وَٱلَّذِينَ كَذَّبُوا۟ بِـَٔايَـٰتِنَا = നമ്മുടെ സൂക്തങ്ങളെ നിഷേധിച്ചവർ (ഉണ്ടല്ലോ)
سَنَسْتَدْرِجُهُم = നാം ക്രമേണ അവരെ നാശത്തിലേക്ക് കൊണ്ടുപോകുന്നതാകുന്നു
مِّنْ حَيْثُ لَا يَعْلَمُونَ = അവർ അറിയാത്തവണ്ണം, രീതിയിൽ وَأُمْلِى = നാം അവസരം, സാവകാശം നൽകുകയാണ്
لَهُمْ = അവർക്ക് إِنَّ كَيْدِى = തീർച്ചയായും എന്റെ ആസൂത്രണം, തന്ത്രം مَتِينٌ = ഉറപ്പുള്ളത്, ഭദ്രം ആകുന്നു
أَوَلَمْ يَتَفَكَّرُوا۟ = അവർ (ഈയാളുകൾ) ചിന്തിച്ചുനോക്കിയിട്ടില്ലയോ مَا بِصَاحِبِهِم = അവരുടെ സഖാവിന് ഇല്ല (എന്ന്)
مِّن جِنَّةٍ = യാതൊരു ചിത്തഭ്രമവും إِنْ هُوَ = അദ്ദേഹം അല്ല (ആകുന്നു) إِلَّا نَذِيرٌ = മുന്നറിയിപ്പുകാരൻ അല്ലാതെ (തന്നെ)
مُّبِينٌ = തെളിഞ്ഞ, വ്യക്തമായ أَوَلَمْ يَنظُرُوا۟ = അവർ നിരീക്ഷിച്ചിട്ടില്ലയോ, ചിന്തിച്ചുനോക്കിയിട്ടില്ലയോ
فِى مَلَكُوتِ = സംവിധാന(ത്തെ)ത്തിൽ ٱلسَّمَـٰوَٰتِ وَٱلْأَرْضِ = ആകാശഭൂമികളുടെ (പ്രപഞ്ച)
وَمَا خَلَقَ ٱللَّهُ = അല്ലാഹു സൃഷ്ടിച്ചതിനെയും مِن شَىْءٍ = വസ്തുവാൽ (ഏതെങ്കിലും വസ്തുവിനെ)
وَأَنْ عَسَىٰٓ أَن يَكُونَ قَدِ ٱقْتَرَبَ أَجَلُهُمْ = അവരുടെ (ജീവിത) അവധി അടുത്തുകഴിഞ്ഞത്, (അവസാനിക്കാറായിക്കൊണ്ടിരിക്കുന്നതും)
فَبِأَىِّ حَدِيثٍۭ = മറ്റു എന്തു സന്ദേശമാണുള്ളത് بَعْدَهُۥ = അതിനു (ഈ അന്തിമവേദത്തിനു) ശേഷം
يُؤْمِنُونَ = അവർ വിശ്വസിക്കുന്ന(അവർക്ക് വിശ്വസിക്കാൻ)

**182,183:** അല്ലാഹുവിന്റെ സൃഷ്ടികളിൽ, സത്യധർമങ്ങൾ സ്വയം പാലിക്കുകയും മറ്റുള്ളവരെ അതു പാലിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്ന ഒരു വിഭാഗം എന്നുമുണ്ടായിരിക്കുമെന്നു പറഞ്ഞശേഷം അവരല്ലാത്ത വിഭാഗത്തെയാണ് സൂചിപ്പിക്കുന്നത്. അവരുടെ ചെയ്തികൾക്ക് അല്ലാഹു അർഹിക്കുന്ന പ്രതിഫലം നൽകുമെന്ന് നേരത്തേ 180-ാം സൂക്തത്തിൽ

താക്കീതു ചെയ്തിട്ടുണ്ട്. ആ താക്കീത് വിശദീകരിച്ചുപറയുകയാണ് ഈ സൂക്തം. അല്ലാഹുവിന്റെ സൂക്തങ്ങളെ തള്ളിപ്പറയുന്നവരാണവർ. ഇവിടെ آيات എന്നതുകൊണ്ട് മുഖ്യമായി ഉദ്ദേശ്യം ഖുർആനാണ്. എങ്കിലും മറ്റു പ്രാപഞ്ചിക ദൃഷ്ടാന്തങ്ങളും അതിന്റെ വിവക്ഷയിൽ പെടുന്നുവെന്ന് തുടർന്നുള്ള സൂക്തങ്ങളിൽനിന്ന് വ്യക്തമാകുന്നു.

ഏകനായ അല്ലാഹുവിന്റെ സൂക്തങ്ങൾ തള്ളിക്കളഞ്ഞ് സ്വന്തമായി ദൈവങ്ങളെ പ്രതിഷ്ഠിക്കുകയും ധർമനീതികൾ ആവിഷ്കരിക്കുകയും ചെയ്യുന്നവർ മഹാ പ്രബലന്മാരും പരാക്രമശാലികളും പ്രമാണികളുമായി വാഴുന്നതു കണ്ട് ആരും തെറ്റിദ്ധരിക്കേണ്ട; അവരൊക്കെ അല്ലാഹുവിന്റെ നടപടികൾക്കതീതരാണെന്ന്. അല്ലാഹു അവർക്ക് അവസരം കൊടുക്കുകയാണ്. ഈ അവസരം അവർക്ക് സത്യം കണ്ടെത്താനും ധർമത്തിലേക്ക് മടങ്ങാനും ഉപയോഗിക്കാം. അസത്യത്തിന്റെയും അധർമത്തിന്റെയും കൂടുതൽ ആഴങ്ങളിലേക്ക് ഇറങ്ങിപ്പോകാനും ഉപയോഗിക്കാം. നീട്ടിക്കിട്ടിയ അവസരത്തെ തങ്ങളുടെ വിജയമായി കരുതുന്നവർ ശാശ്വതമായ വിനാശത്തിനും പരാജയത്തിനുമുള്ള കരുക്കൾ പിന്നെയും പിന്നെയും വാരിക്കൂട്ടിക്കൊണ്ടേയിരിക്കുന്നു. അങ്ങനെ അവർ സ്വയമറിയാതെ നാശത്തിന്റെ അഗാധഗർത്തത്തിൽ ചെന്നുപതിക്കുക എന്നതാണ് അല്ലാഹുവിന്റെ നടപടിക്രമം.

അധർമം പ്രവർത്തിക്കുന്നവരെ ഉടനടി പിടിച്ചു ശിക്ഷിക്കുക അല്ലാഹുവിന്റെ രീതിയല്ല. തെറ്റുകൾ തിരുത്താൻ അവൻ വേണ്ടത്ര സമയം നൽകിയശേഷം, ശിക്ഷ നിശ്ചയിച്ച സമയത്തേ ശിക്ഷിക്കൂ.

وَرَبُّكَ ٱلْغَفُورُ ذُو ٱلرَّحْمَةِ ۖ لَوْ يُؤَاخِذُهُم بِمَا كَسَبُوا۟ لَعَجَّلَ لَهُمُ ٱلْعَذَابَ ۚ
بَل لَّهُم مَّوْعِدٌ لَّن يَجِدُوا۟ مِن دُونِهِۦ مَوْئِلًا ﴿٥٨﴾

(നിന്റെ നാഥൻ ഏറെ പൊറുക്കുന്നവനും കരുണാമയനുമാകുന്നു. മനുഷ്യരുടെ ചെയ്തികളുടെ പേരിൽ ഉടനെ അവരെ പിടികൂടുകയാണെങ്കിൽ പെട്ടെന്നുതന്നെ അവരെ ശിക്ഷിക്കുമായിരുന്നു. പക്ഷേ അവർക്കൊരു സമയം നിശ്ചയിക്കപ്പെട്ടിരിക്കുന്നു. ആ സമയത്തെ മറികടക്കാൻ ഒരഭയസ്ഥാനവും അവർ കണ്ടെത്തുന്നതല്ല- 18:58).

'മുകളിലേക്കുള്ള പടി' എന്ന അർഥത്തിലുള്ള درجة-ൽനിന്നുത്ഭവിച്ച ക്രിയയാണ് استدراج. പടിപടിയായി കയറ്റുക എന്നും ഇറക്കുക എന്നും ഇതിനർഥമുണ്ട്. നന്മയെയും വിജയത്തെയും കുറിച്ച് പറയുമ്പോഴാണ് ആദ്യത്തെ അർഥം ഉദ്ദേശിക്കുക. ഇവിടെ ഉദ്ദേശ്യം രണ്ടാമത്തെ അർഥമാണെന്ന് സന്ദർഭത്തിൽനിന്ന് വ്യക്തമാകുന്നു. كيد -ന് ആസൂത്രണം, തന്ത്രം, ഉപായം എന്നീ അർഥങ്ങളുണ്ട്. പ്രത്യക്ഷത്തിൽ കാണുന്നതിൽനിന്ന് ഭിന്നമായ ആന്തരിക ലക്ഷ്യമുള്ള നടപടിയാണല്ലോ തന്ത്രം. ഈ ആശയത്തെ ആസ്പദമാക്കി ഈ പദം വഞ്ചന, ചതി തുടങ്ങിയ അർഥങ്ങളിലും ഉപയോഗിക്കുന്നു.

പാപം ചെയ്യുന്നവരെ ഉടനടി ശിക്ഷിക്കാതെ കൂടുതൽ അവസരം നൽകുന്നത് ധർമത്തിലേക്ക് മടങ്ങാൻ മനസ്സുള്ളവർക്ക് വലിയ അനുഗ്രഹമാണ്. എന്നാൽ ആ മനസ്സില്ലാത്തവർ അല്ലാഹു നൽകിയ അവസരത്തെയും സൗഭാഗ്യങ്ങളെയും, അസത്യത്തിൽ കൂടുതൽ ഉറച്ചുനിൽക്കാനുള്ള ന്യായമായി എടുക്കുന്നു. ഇത് അല്ലാഹു ആസൂത്രണം ചെയ്ത തന്ത്രമായിട്ടാണ് ഇവിടെ ചിത്രീകരിക്കുന്നത്. അവസരങ്ങളും സൗകര്യങ്ങളും വർധിക്കുംതോറും തങ്ങളുടെ നയങ്ങളും നിലപാടുകളും തന്നെയാണ് ശരിയെന്നവർ കരുതുന്നു. ഗോചരമായതിനപ്പുറമുള്ള യാഥാർഥ്യങ്ങളെക്കുറിച്ച് ചിന്തിക്കാതെ കാലികളെപ്പോലെയാണവർ ജീവിതത്തെ സമീപിക്കുന്നത്. അങ്ങനെ അവരുടെ അക്രമങ്ങളും അധർമങ്ങളും വർധിക്കുംതോറും ശിക്ഷയുടെ ഗൗരവവും കാഠിന്യവും വളർന്നുകൊണ്ടിരിക്കുന്നു. ക്ഷണികനേട്ടങ്ങളിൽ മതിമറന്ന അവരാകട്ടെ, മഹാ വിപത്തിലേക്കാണ് തങ്ങൾ നീങ്ങിക്കൊണ്ടിരിക്കുന്നതെന്ന് ഒരിക്കലും മനസ്സിലാക്കുകയുമില്ല. അല്ലാഹുവിനെയും അവന്റെ നിയമങ്ങളെയും ധിക്കരിക്കുന്ന വ്യക്തികളുടെ എന്നപോലെ സമൂഹങ്ങളുടെയും അവസ്ഥ ഇതാണ്. അവരുടെ മഹാനാശം ചിലപ്പോൾ ഈ ലോകത്തുതന്നെ തുടങ്ങിയെന്നിരിക്കും. ചിലരുടെ കാര്യത്തിൽ അല്ലാഹു അത് മരണാനന്തര ജീവിതത്തിലേക്ക് നീട്ടിവെക്കുന്നു. ചിലർ ഈ ലോകത്ത് തങ്ങൾക്ക് പ്രതികൂലമായ പ്രത്യാഘാതങ്ങൾ നേരിടേണ്ടിവന്നില്ല എന്നതിനെയും സ്വന്തം നിലപാടിന്റെ സാധുതക്ക് തെളിവായെടുക്കുന്നു. അതിനേക്കാൾ എത്രയോ ദൈർഘ്യമേറിയ മരണാനന്തര ജീവിതത്തെ നിഷേധിക്കുന്നതുകൊണ്ടാണത്. പരലോകത്തിലും അവിടത്തെ രക്ഷാശിക്ഷകളിലും വിശ്വസിക്കുന്നവർക്ക് ഈ ലോകത്തെ ക്ഷുദ്രമായ നേട്ടകോട്ടങ്ങളെയോ സുഖദുഃഖങ്ങളെയോ സത്യത്തിന്റെയും നീതിയുടെയും മാനദണ്ഡമാക്കാനാവില്ല.

**184:** ഈ ആളുകൾ കൊണ്ടുദ്ദേശ്യം ഖുറൈശികളാണ്. صاحب-നെയാണ് സ്വഹാവ് എന്ന് തർജമ ചെയ്തിട്ടുള്ളത്. മുഹമ്മദ് നബി(സ)യാണ് വിവക്ഷ. സഹവാസി, സഹചാരി, സഹപ്രവർത്തകൻ, സുഹൃത്ത്, അനുയായി, ഉടമസ്ഥൻ, യജമാനൻ തുടങ്ങി നിരവധി അർഥങ്ങളുണ്ട് ഈ പദത്തിന്. പ്രവാചകനുമായി സഹവസിച്ച ശിഷ്യന്മാരെ صحابي എന്നു പറയുന്നു. മൈത്രിയോടൊപ്പം സഹവാസവും കൂടി ചേർന്ന ബന്ധമാണ് صُحبة. ഒരു വീട്ടിൽ, നാട്ടിൽ ഒരുമിച്ചു താമസിക്കുന്നവരും ഒരു സ്ഥാപനത്തിൽ ഒന്നിച്ചു ജോലിചെയ്യുന്നവരുമെല്ലാം പരസ്പരം صاحب-കൾ ആണ്- പരസ്പരം മൈത്രിയിലല്ലെങ്കിലും. പ്രവാചകനെ കുറിച്ച് ഖുറൈശികളോട് 'നിങ്ങളുടെ صاحب' എന്നു പറഞ്ഞതിന്റെ താൽപര്യം ഒരുപക്ഷേ നിങ്ങളുടെ മിത്രമായ സഹവാസി എന്നാവാം. അല്ലെങ്കിൽ നിങ്ങളുടെ ഈ നാട്ടിൽ ജീവിക്കുന്നയാൾ എന്നു മാത്രവുമാവാം. മുഹമ്മദ് നബി(സ) ഒരുകാലത്ത് എല്ലാ മക്കാവാസികളുടെയും മിത്രമായ നാട്ടുകാരനായിരുന്നു. എല്ലാവർക്കും സുപരിചിതനുമായിരുന്നു. അദ്ദേഹത്തിന്റെ ജനനവും ശൈശവവും ബാല്യവും യൗവനവുമൊക്കെ അവരോടൊപ്പം അവരുടെ കൺമുമ്പിലായിരുന്നു. ആ നിലക്ക് صاحبهم എന്നതിന്റെ ഉദ്ദേശ്യം നിങ്ങളോടൊപ്പം ജീവിക്കുന്ന നിങ്ങളുടെ മിത്രമായിരുന്നവൻ എന്നാകുന്നതിൽ അനൗചിത്യമില്ല. എന്നാൽ സൂക്തം അവതരിക്കുന്ന കാലത്ത് ഭൂരിപക്ഷം മക്കാവാസികൾക്കും പ്രവാചകനോട് വിരോധമായിരുന്നു. ഈ പശ്ചാത്തലത്തിൽ صاحبهم എന്നു പറഞ്ഞത് അവരോടൊപ്പം അവരുടെ നാട്ടിൽ ജീവിക്കുന്നയാൾ എന്ന അർഥത്തിലായിരിക്കാനാണ് ഏറെ സാധ്യത.

മുഹമ്മദ് നബിയുടെ പ്രബോധനത്തെ എതിർക്കാൻ യുക്തിസഹമായ ന്യായങ്ങളൊന്നും ഉന്നയിക്കാനില്ലാതായപ്പോൾ പ്രതിയോഗികളായ ഖുറൈശികൾ ഉന്നയിച്ച വാദമായിരുന്നു, അദ്ദേഹത്തിന് ഭ്രാന്തായിരിക്കുന്നു എന്ന്. ചിലർ പറഞ്ഞു: അയാൾക്ക് ജിന്നുബാധയേറ്റ് ലക്കുതെറ്റിയിരിക്കുകയാണ്. ദൈവങ്ങൾ കോപിച്ചതുമൂലം കിറുക്കായിരിക്കുന്നുവെന്ന് മറ്റു ചിലർ പറഞ്ഞു. പിശാചുബാധയാൽ ഭ്രാന്തു പിടിച്ചിരിക്കുന്നുവെന്നായിരുന്നു ചിലരുടെ കണ്ടെത്തൽ. ഖുർആൻ അവരുടെ വാദത്തെ ഇങ്ങനെ ഉദ്ധരിക്കുന്നുണ്ട്: وَقَالُوا۟ يَٰٓأَيُّهَا ٱلَّذِى نُزِّلَ عَلَيْهِ ٱلذِّكْرُ إِنَّكَ لَمَجْنُونٌ (അവർ ഘോഷിച്ചു: അല്ലയോ വേദം ഇറക്കപ്പെട്ടവനേ, നീയൊരു ഭ്രാന്തൻ തന്നെയാണ്- 15:6). وَيَقُولُونَ أَئِنَّا لَتَارِكُوٓا۟ ءَالِهَتِنَا لِشَاعِرٍ مَّجْنُونٍۭ (അവർ ചോദിക്കുന്നു: ഒരു കിറുക്കൻ കവിക്കുവേണ്ടി ഞങ്ങൾ ഞങ്ങളുടെ ദൈവങ്ങളെയെല്ലാം വെടിയണമെന്നോ? - 37:36).

ഈ പശ്ചാത്തലത്തിൽ അവരെ ഉണർത്തുകയാണ്: മുഹമ്മദി(സ)ന്റെ ജനനം മുതൽ ഇതുവരെയുള്ള ജീവിതം നിങ്ങളോടൊപ്പമാണ്. അദ്ദേഹത്തിന്റെ ജീവിതം ഒരു തുറന്ന പുസ്തകം പോലെ നിങ്ങൾക്കു മുന്നിലുണ്ട്. അദ്ദേഹം നിങ്ങളുടെ പ്രിയപ്പെട്ടവനായിരുന്നു. അതിവിശ്വസ്തൻ (*അൽഅമീൻ*) എന്നാണ് നിങ്ങളദ്ദേഹത്തെ വിളിച്ചത്. നിങ്ങളുടെ തർക്കങ്ങളിൽ നീതിമാനായ മധ്യസ്ഥനായിരുന്നു അദ്ദേഹം. ഏഴകളുടെ തോഴനും ഭാരം ചുമക്കുന്നവരുടെ അത്താണിയുമാണദ്ദേഹം. ഭ്രാന്തനായോ മന്ദബുദ്ധിയായോ ഒരിക്കലും നിങ്ങളദ്ദേഹത്തെ കണ്ടിട്ടില്ല. നിങ്ങൾക്ക് പരിചയമില്ലാത്ത ചില ആശയങ്ങൾ അവതരിപ്പിച്ചതിന്റെ പേരിൽ, ഇങ്ങനെയുള്ള ഒരാൾക്ക് പെട്ടെന്ന് ഭ്രാന്ത് ബാധിച്ചിരിക്കുകയാണെന്ന് പറയുന്നതിൽ വല്ല അർഥവുമുണ്ടോ എന്ന് ഒരിക്കലും ചിന്തിക്കാത്തതെന്താണ്? അദ്ദേഹം അവതരിപ്പിക്കുന്ന സന്ദേശങ്ങളാകട്ടെ നിങ്ങളുടെ യുക്തിക്കോ ബുദ്ധിക്കോ നിരക്കാത്തതല്ല. നിങ്ങളുടെ ബുദ്ധിശൂന്യമായ അന്ധവിശ്വാസങ്ങൾക്കും ആചാരങ്ങൾക്കുമാണത് നിരക്കാത്തത്. നിങ്ങളുടെ ജീവിതം നേരിടാൻ പോകുന്ന മഹാവിപത്തിനെക്കുറിച്ചുള്ള ഗുരുതരമായ മുന്നറിയിപ്പുതന്നെയാണദ്ദേഹത്തിന്റെ പ്രബോധനത്തിന്റെ ഉള്ളടക്കം. ഒരു ഭ്രാന്തൻ ഒരിക്കലും ഇത്തരം മുന്നറിയിപ്പുകൾ നൽകുകയില്ല. അത് ഭ്രാന്തന്മാരുടെ കഴിവിൽപെട്ടതുമല്ല. പരസ്പരവിരുദ്ധവും ബുദ്ധിശൂന്യവുമായ കാര്യങ്ങളാണ് ഭ്രാന്തന്മാർ ജൽപിക്കുക. ഈ പ്രവാചകന്റെ സന്ദേശത്തിൽ എവിടെയും വൈരുധ്യങ്ങളോ യുക്തിരാഹിത്യമോ കണ്ടെത്താനാവില്ല. നിങ്ങൾ ബുദ്ധി ഉപയോഗിച്ച് ചിന്തിക്കുന്ന പക്ഷം, ആപത്തു വന്നെത്തുന്നതിനു മുമ്പ് അതിൽനിന്ന് രക്ഷപ്പെടാനുള്ള മാർഗങ്ങളുപദേശിക്കുകതന്നെയാണ് ഈ പ്രവാചകൻ ചെയ്യുന്നതെന്ന് ബോധ്യമാകും.

**185:** നോട്ടം എന്ന് ഭാഷാർഥമുള്ള نظر-ൽനിന്നുള്ള ക്രിയാപദമാണ് ينظرون. വീക്ഷണം, നിരീക്ഷണം, ചിന്ത, അഭിപ്രായം തുടങ്ങിയ അർഥങ്ങളിലും ഇത് ഉപയോഗിക്കും. ചിന്ത എന്ന അർഥത്തിൽ تفكر-ന്റെ പര്യായമാണിത്. نظر പ്രതിഭാസങ്ങളെ നിരീക്ഷിച്ചുകൊണ്ടുള്ള മനനം എന്ന ആശയത്തെ പ്രതിനിധീകരിക്കുന്നു. مُلك (ആധിപത്യം)-ന്റെ ഉത്തമവാചിരൂപമാണ് ملكوت. അതിവിപുലമായ അല്ലെങ്കിൽ ഗംഭീരമായ ആധിപത്യം അഥവാ അത്തരം ആധിപത്യം വിളങ്ങുന്ന സംവിധാനം. ആകാശഭൂമികൾകൊണ്ടുദ്ദേശ്യം പ്രപഞ്ചസാകല്യമാണ്.

പ്രവാചക വ്യക്തിത്വത്തെക്കുറിച്ച് ചിന്തിച്ചുനോക്കിയാലെന്നപോലെ ഈ പ്രപഞ്ചസംവിധാനത്തെക്കുറിച്ച് ചിന്തിച്ചുനോക്കിയാലും പ്രവാചകൻ അവതരിപ്പിക്കുന്ന സന്ദേശം സത്യമാണെന്ന് ബോധ്യപ്പെടും. സർവശക്തനും സർവജ്ഞനും സർവാധികാരിയുമായ ഒരു നിർമാതാവില്ലാതെ ഈ അണ്ഡകടാഹം ഉളവാകുക സാധ്യമല്ല. ആ നിർമാതാവ് എല്ലാ നിലയിലും ഏകനായിരിക്കാതെ ഇത് നിലനിൽക്കുകയുമില്ല. അല്ലാഹു സൃഷ്ടിച്ച ഏതു വസ്തുവും, പ്രപഞ്ചത്തിന്റെ ഏതു ഘടകവും പരിശോധിച്ചുനോക്കുക. അവയുടെ സൃഷ്ടിയിലടങ്ങിയ യുക്തിയും സന്തുലിതത്വവും ഓരോ ഘടകത്തിനും ഇതര ഘടകങ്ങളുമായുള്ള പാരസ്പര്യവുമെല്ലാം ആ നിർമാതാവിന്റെ കഴിവിന്റെയും അധികാരത്തിന്റെയും ദൃഷ്ടാന്തങ്ങളായി അനുഭവപ്പെടും.

മുഹമ്മദ് നബി(സ) പ്രബോധനം ചെയ്യുന്ന സന്ദേശത്തിന്റെ പ്രതിധ്വനി തന്നെയാണ് പ്രപഞ്ചത്തിന്റെ സകല കോണുകളിലും മുഴങ്ങുന്നത്. യാഥാർഥ്യബോധത്തോടെ ഈ പ്രപഞ്ചത്തെ നിരീക്ഷിക്കുന്ന യാതൊരാൾക്കും ഇത് ഒരു വ്യഥാവേലയോ യാദൃച്ഛിക പ്രതിഭാസമോ ആണെന്ന് പറയാനാവില്ല. 179-ാം സൂക്തത്തിൽ സൂചിപ്പിച്ച 'തഫഖ്ഖുഹ്' ഒട്ടുമില്ലാതെ പദാർഥങ്ങളുടെ ഉപഭോഗസാധ്യതയെക്കുറിച്ചു മാത്രം ചിന്തിക്കുന്നവർക്കേ അങ്ങനെ കരുതാൻ കഴിയൂ. അല്ലാത്തവർ യുക്തിപൂർണവും സന്തുലിതവും പരസ്പരബന്ധിതവുമായ സൃഷ്ടിപ്രപഞ്ചത്തിന് മഹത്തായ ഒരു ലക്ഷ്യമുണ്ടെന്നും, ആ ലക്ഷ്യം കണ്ടെത്തി അതിനനുഗുണമായി ചരിക്കുകയാണ് തങ്ങളുടെയും ലക്ഷ്യമെന്നും കണ്ടെത്തുന്നു. മരണാനന്തര ജീവിതവും രക്ഷാശിക്ഷകളും അവരുടെ മുമ്പിൽ അനിവാര്യതകളായി ഉയർന്നുവരുന്നു. ചെറുതും വലുതുമായ ഓരോ സൃഷ്ടിയിലും സ്രഷ്ടാവിന്റെ അതുല്യ യുക്തിയും കഴിവും പ്രകാശിക്കുന്നുവെങ്കിൽ, അങ്ങനെയുള്ള സൃഷ്ടികളുടെ മഹാസമുച്ചയമായ പ്രപഞ്ചത്തിന്റെ സൃഷ്ടിയിൽ യുക്തിയോ ലക്ഷ്യമോ ഇല്ലാതിരിക്കുക അസാധ്യമാണ്. ബുദ്ധിയും വിവേചനശക്തിയുമുള്ള മനുഷ്യനെ സൃഷ്ടിച്ച ശക്തിക്ക്-അതാരായാലും-ബുദ്ധിയും വിവേചനശക്തിയും സ്വാതന്ത്ര്യവും ഇല്ലാതിരിക്കുക എന്നത് ഏതു യുക്തിക്കാണ് നിരക്കുക? പ്രപഞ്ചത്തിലുള്ളതെല്ലാം നശിച്ചുകൊണ്ടും പുതുതായി ഉളവായിക്കൊണ്ടുമിരിക്കുന്നു. ഉളവാകുകയും നശിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന വസ്തുക്കളെ വഹിക്കുന്ന ഭൂമിയും ഒരുനാൾ നശിക്കുമെന്നുറപ്പാണ്. പ്രപഞ്ചത്തിലെ ഓരോ വസ്തുവും നശിച്ചശേഷം മറ്റൊന്നായി വീണ്ടും ഉളവാകുന്നതുപോലെ പ്രപഞ്ചം മുഴുവൻ നശിച്ചാലും മറ്റൊരു രീതിയിൽ വീണ്ടും നിലവിൽവരുമെന്നു തന്നെ കരുതണം. ഈ ജീവിതത്തിന്റെ നന്മതിന്മകളെ ആശ്രയിച്ചായിരിക്കും മരണാനന്തരം ഉളവാകുന്ന പ്രപഞ്ചത്തിലെ ജയാപചയങ്ങൾ. പ്രപഞ്ചത്തെ സൂക്ഷ്മമായി നിരീക്ഷിച്ചാൽ മനസ്സിലാകുന്ന ഈ സംഗതികളൊക്കെത്തന്നെയാണ് പ്രവാചകൻ ദൈവികവചനങ്ങളിലൂടെ വെളിപ്പെടുത്തിത്തരുന്നത്.

ആകാശഭൂമികളെക്കുറിച്ചു ചിന്തിക്കുന്നതിന്റെ ഫലം പദാർഥങ്ങളുടെ ഭൗതികഘടനയും ഉപയോഗവും മനസ്സിലാക്കുക മാത്രമല്ല. വേദത്തിന്റെ പ്രേരണയില്ലെങ്കിലും, മനുഷ്യൻ സ്വന്തം ജീവചോദനകളാൽ ആ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കും. ആ പ്രവർത്തനത്തിലൂടെ വസ്തുക്കളുടെ ഭൗതികഘടനക്കും പ്രയോജനത്തിനും അപ്പുറമുള്ള അഭൗതികയാഥാർഥ്യങ്ങളെ കണ്ടെത്താനാണ് ഇവിടെ ആഹ്വാനം ചെയ്യുന്നത്. സൂറഃ *ആലുഇംറാൻ* 191-ാം സൂക്തത്തിൽ അതിപ്രകാരം വ്യക്തമാക്കിയിട്ടുണ്ട്:

وَيَتَفَكَّرُونَ فِى خَلْقِ ٱلسَّمَٰوَٰتِ وَٱلْأَرْضِ رَبَّنَا مَا خَلَقْتَ

هَٰذَا بَٰطِلًا سُبْحَٰنَكَ فَقِنَا عَذَابَ ٱلنَّارِ

(അവർ ആകാശഭൂമികളിൽ വിളങ്ങുന്ന സൃഷ്ടിവൈഭവത്തെക്കുറിച്ച് ചിന്തിക്കുന്നു. അപ്പോൾ അവരുടെ മനസ്സ് മന്ത്രിക്കുന്നു: നാഥാ, ഇതൊക്കെയും നീ വ്യർഥമായി സൃഷ്ടിച്ചതല്ലതന്നെ. നിന്റെ പരിശുദ്ധി പാഴ്വേലകൾക്കതീതമാകുന്നു. ഞങ്ങളെ നരകശിക്ഷയിൽനിന്ന് കാത്തുകൊള്ളേണമേ).

പ്രപഞ്ചഘടനയിലും അതിന്റെ ഘടകങ്ങളിലും പ്രകാശിക്കുന്ന യുക്തിബോധവും നിർമാണവൈഭവവും നിരീക്ഷിച്ചാൽ ഈ പ്രപഞ്ചത്തിന് ഒരു ലക്ഷ്യവും നിർണിതമായ അവധിയുമുണ്ടെന്ന് മനസ്സിലാകും. നിമിഷം തോറും ആ അവധി അടുത്തുവരികയാണെന്നും വ്യക്തമാകും. അടുത്തുവന്നുകൊണ്ടേയിരിക്കുന്ന ഈ മഹാവിപത്തിനെ കുറിച്ചുള്ള മുന്നറിയിപ്പാണ് പ്രവാചകൻ ലോകാവസാനത്തെയും ഉയിർത്തെഴുന്നേൽപിനെയും സംബന്ധിച്ച ഉദ്ബോധനങ്ങളിലൂടെ നൽകുന്നത്.

നിങ്ങൾ ചിന്തിച്ചിട്ടില്ലേ, നിരീക്ഷിച്ചിട്ടില്ലേ, ബുദ്ധിപൂർവം ആലോചിക്കുന്നില്ലേ (أَوَلَمْ يَتَفَكَّرُوا - أَوَلَمْ يَنظُرُوا - أَفَلَا تَعْقِلُونَ) എന്നിങ്ങനെ ഖുർആനിൽ ആവർത്തിച്ചുവന്നിട്ടുള്ള വാക്യങ്ങൾ ചിന്തിക്കാനുള്ള ഒരു ധാർമികോപദേശമെന്നതിലുപരി പഠനവും മനനവും മനുഷ്യന്റെ പ്രാഥമിക ബാധ്യതയാകുന്നു എന്ന സന്ദേശം ഉൾക്കൊള്ളുന്നുവെന്ന് പൂർവിക ഖുർആൻ വ്യാഖ്യാതാക്കൾ സിദ്ധാന്തി

ച്ചിരിക്കുന്നു. കാര്യങ്ങൾ ചിന്തിച്ചു ഗ്രഹിക്കാത്തവരെ നാൽക്കാലി തുല്യർ ( كَالْأَنْعَامِ ) എന്ന് ആക്ഷേപിച്ചതാണ് അതിന്റെ ന്യായം. أَوَلَمْ يَتَفَكَّرُوا – എന്ന വാക്യത്തെ വിശദീകരിച്ചുകൊണ്ട് ഇമാം ജസ്സാസ് പറയുന്നു: ഈ വാക്യം കാര്യങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കാനും അല്ലാഹുവിന്റെ സൃഷ്ടികളെയും അവന്റെ നിർമാണവൈഭവത്തെയും ആസൂത്രണത്തെയും സംബന്ധിച്ച് ചിന്തിക്കാനും നിർബന്ധിക്കുകയാണ്. ആ പഠനം അവന്റെ ആസ്തികൃത്തിലേക്കും ജ്ഞാനത്തിലേക്കും നീതിയിലേക്കും വെളിച്ചം വീശും. വിശ്വാസകാര്യങ്ങളിൽ കേവലമായ അനുകരണം അപര്യാപ്തമാണെന്നും മനനവും തെളിവുകൾ മനസ്സിലാക്കലും അനിവാര്യമാണെന്നുമാകുന്നു ഇത് കുറിക്കുന്നത്.

ഈമാനാണോ ചിന്തയാണോ മനുഷ്യന്റെ പ്രഥമ ബാധ്യത എന്നൊരു ചർച്ച പണ്ഡിതന്മാർക്കിടയിൽ ഉണ്ടായിരുന്നു. ചിന്തിച്ചു വിശ്വസിക്കുക – ആദ്യം ചിന്തിക്കുക അതിന്റെ ഫലമായി വിശ്വസിക്കുക – ആണ് വേണ്ടത് എന്ന് ചിലർ വാദിച്ചു. മറുപക്ഷം വാദിച്ചതിങ്ങനെയാണ്: വിശ്വാസമെന്നാൽ മനസ്സിലുളവാകുന്ന സ്വീകാര്യതയാണ്. അതു സാധുവാകാൻ വിശ്വസിക്കപ്പെടുന്നതിനെ സംബന്ധിച്ച് തെളിവുകളും ന്യായങ്ങളും അറിയണമെന്നില്ല. പാരമ്പര്യമായി ആളുകൾ പലതിലും വിശ്വസിക്കുന്നു. വക്താവിലുള്ള വിശ്വാസം മൂലം വാക്കിൽ വിശ്വാസമുണ്ടാകുന്നു. തെറ്റായാലും ശരിയായാലും തെളിവന്വേഷിച്ചില്ല എന്നതുകൊണ്ട് അതൊന്നും വിശ്വാസമല്ലാതാകുന്നില്ല. സാധാരണ ജനങ്ങളിലധികപേർക്കും ഗഹനമായ വിചിന്തനം അപ്രാപ്യമാണ്. എന്നാൽ അല്ലാഹുവിലും അന്ത്യപ്രവാചകനിലും അദ്ദേഹത്തിലൂടെ അവതരിച്ച വിശുദ്ധ ഖുർആനിലും വിശ്വസിക്കുന്നവർ –ആ വിശ്വാസത്തിന്റെ തെളിവുകളും ന്യായങ്ങളും അറിയുന്നില്ലെങ്കിലും– മുഅ്മിനുകളും മുസ്ലിംകളുമാകുന്നു. വിഷയങ്ങൾ വിചിന്തനം ചെയ്തു പഠിക്കാൻ പ്രാപ്തിയും ജ്ഞാനശേഷിയുമുള്ളവർക്കാണ് പഠനമനനങ്ങൾ കടമയായിത്തീരുന്നത്.

സ്വൂഫികളുടെ വീക്ഷണത്തിൽ ചിന്തയാണ് ഏറ്റം പ്രധാനം. അതുവഴിയാണ് അത്യുൽകൃഷ്ടമായ ജ്ഞാനം (معرفة) ഉളവാകുന്നത്. ഫുഖഹാക്കളുടെ ദൃഷ്ടിയിൽ നമസ്കാരവും ദിക്റുമാണ് ഏറ്റം പ്രധാനം. കാരണം കൂടുതൽ കൽപിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തിട്ടുള്ളത് അതാണ്. ഇക്കാര്യത്തിൽ, ഇബ്നുൽ അറബിയുടെ അഭിപ്രായമാണ് കൂറേകൂടി ശരിയായി തോന്നുന്നത്: നിരീക്ഷിക്കാനും തെളിവുകളും ന്യായങ്ങളും മനസ്സിലാക്കാനും കഴിവുള്ള വിദ്വാനായ ചിന്തകനെ സംബന്ധിച്ചേടത്തോളം ചിന്തയാകുന്നു ഏറ്റം ശ്രേഷ്ഠം. അങ്ങനെയല്ലാത്തവർക്ക് ആത്മബലവും സ്ഥൈര്യവും നേടാൻ നല്ലത് കർമങ്ങൾ തന്നെ (*അഹ്കാമുൽ ഖുർആൻ* 2:807).

ഇവിടെ ചിന്തിക്കാനും ഗ്രഹിക്കാനും ആഹ്വാനം ചെയ്യുന്നത് പ്രഥമമായി പദാർഥങ്ങളുടെ ഗുണവും രൂപവും പ്രയോജനവുമൊക്കെത്തന്നെയാണ്. എന്നാൽ അവയിൽ മാത്രം അത് പരിമിതമായിക്കൂടാ. പദാർഥങ്ങളുടെ ഭൗതിക രഹസ്യങ്ങളെപ്പോലെ, അല്ല അതിലേറെ പ്രധാനമാണ് അവയുൾക്കൊള്ളുന്ന ആത്മീയതത്ത്വങ്ങൾ. പദാർഥങ്ങളുടെ ഭൗതികഘടനയിലും പ്രയോജനത്തിലും ഉപയോഗസാധ്യതയിലും മാത്രം പരിമിതമായ പഠനം എത്ര ഗഹനവും ഗംഭീരവുമായാലും പ്രത്യക്ഷവശങ്ങളിലുള്ള ഭോഗോന്മുഖമായ പഠനമാണ്. നേരത്തേ സൂചിപ്പിച്ചതുപോലെ, പ്രാകൃതരൂപത്തിൽ ജന്തുക്കളും ചെയ്തുവരുന്നത്, പദാർഥഘടനയിൽ പ്രകാശിക്കുന്ന ലക്ഷ്യോന്മുഖതയും സൃഷ്ടിവൈഭവവും മനസ്സിലാക്കി അതിന്റെ പിന്നിലുള്ള അദൃശ്യനായ സൃഷ്ടാവിനെ കണ്ടെത്താൻ ശ്രമിക്കുമ്പോഴേ പഠനവും പരീക്ഷണവും അതിന്റെ പൂർണ ലക്ഷ്യത്തിലേക്കു നീങ്ങൂ. ഭൗതികനേട്ടത്തോടൊപ്പം ആത്മീയ നേട്ടവും കൂടി ഉണ്ടാക്കുന്ന ഈ രീതിയിലുള്ള മാനവികമായ പഠനമനനങ്ങളാണ് ഖുർആൻ ആവശ്യപ്പെടുന്നത്. ആ രീതിയായിരുന്നു പൂർവകാലത്ത് മുസ്ലിം ശാസ്ത്രകാരന്മാർ പിന്തുടർന്നിരുന്നതും.

وَأَنْ عَسَىٰ أَن يَكُونَ قَدِ اقْتَرَبَ أَجَلُهُمْ (അവരുടെ ജീവിതാവധി അടുത്തുകൊണ്ടിരിക്കുന്നതും നിരീക്ഷിക്കുന്നില്ലേ) എന്ന വാക്യത്തിന്റെ താൽപര്യം ഓരോ നിമിഷവും തങ്ങൾ മരണത്തോട് അടുത്തുകൊണ്ടിരിക്കുകയാണെന്ന് അവർ മനസ്സിലാക്കുന്നില്ലേ, എന്നിട്ടും സത്യത്തിലേക്ക് തിരിച്ചുവരാൻ അമാന്തിക്കുന്നതെന്താണ്, സത്യത്തിലേക്ക് വരാതെ സത്യനിഷേധത്തിൽതന്നെ മരിച്ചുപോകുന്നതിന്റെ അപകടത്തെക്കുറിച്ച് ഓർക്കാത്തതെന്താണ് എന്നാണെന്നും ചിലർ വ്യാഖ്യാനിച്ചിട്ടുണ്ട്. പിൽക്കാലത്ത് അറേബ്യയിൽ ശിർക്കിനും കുഫ്റിനും മുശ്രിക്കുകൾക്കും ഉണ്ടായ അന്ത്യത്തെ സൂചിപ്പിക്കുകയാണീ വാക്യമെന്നും ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. അവർ പിന്തുടരുന്ന ശിർക്കിനെയും ഇസ്ലാം പ്രബോധനം ചെയ്യുന്ന തൗഹീദിനെയും താരതമ്യം ചെയ്ത് നിരീക്ഷിക്കുമ്പോൾ ശിർക്കിന് ഇനി അധികകാലം നിലനിൽപില്ല എന്ന് മനസ്സിലാക്കാൻ കഴിയുന്നില്ലേ എന്നു സാരം.

ഈ ഖുർആൻ അന്തിമവേദമാണ്. മുഹമ്മദ്(സ) അന്ത്യപ്രവാചകനും. ഇനി മറ്റൊരു പ്രവാചകനോ വേദമോ വരാനില്ല. സന്മാർഗം ആഗ്രഹിക്കുന്നവർക്ക് ഈ പ്രവാചകനിലും വേദത്തിലും വിശ്വസിക്കുകയും അനുസരിക്കുകയുമല്ലാതെ വേറെ വഴിയില്ല. ഖുർആനെയും മുഹമ്മദ് നബിയെയും തള്ളിപ്പറയുന്നവർ ഇനി വിശ്വസിക്കാനും അനുസരിക്കാനും മറ്റെന്തു ദൈവിക പ്രമാണമാണ് കാത്തിരിക്കുന്നത്? ഇതാണ് فَبِأَيِّ حَدِيثٍ بَعْدَهُ يُؤْمِنُونَ (ഇതിനുശേഷം അവർക്കു വിശ്വസിക്കാൻ മറ്റെന്തു സന്ദേശമാണുള്ളത്) എന്ന വാക്യത്തിന്റെ ആശയം. മുഹമ്മദ് നബിക്കും ഖുർആനിനും ശേഷം ആധ്യാത്മിക പ്രവചനങ്ങളെന്നവകാശപ്പെട്ടുകൊണ്ട് പലതും പ്രത്യക്ഷപ്പെടുകയുണ്ടായി. പ്രവാചകന്മാരെന്നവകാശപ്പെട്ടുകൊണ്ട് ചില വ്യക്തികളും രംഗപ്രവേശം ചെയ്തു. അത്തരം ഭാഷണങ്ങളൊന്നും വേദമായി വിശ്വസിക്കപ്പെട്ടിട്ടില്ല. പ്രവാചകൻ ചമഞ്ഞു വന്നവരൊന്നും പൊതുവിൽ പ്രവാചകന്മാരായി അംഗീകരിക്കപ്പെട്ടതുമില്ല. ഇന്നും പൊതുവിൽ അംഗീകരിക്കപ്പെട്ട അന്ത്യപ്രവാചകനും അന്തിമവേദവും മുഹമ്മദ് നബിയും ഖുർആനുമാകുന്നു. അല്ലാഹുവിങ്കൽനിന്ന് അവതരിപ്പിക്കപ്പെട്ട അന്ത്യപ്രവാചകനും അന്തിമവേദവും അതുരണ്ടും മാത്രമാണെന്നതാണ് കാരണം. മറ്റുള്ളതെല്ലാം പിന്നീടുണ്ടായ വ്യാജങ്ങളും കൃത്രിമങ്ങളുമാണ്. بَعْدَهُ എന്നതിലെ സർവനാമമായ ه (അത്) കുറിക്കുന്നത് അവരുടെ ജീവിതാവധി( أَجَلُهُمْ )യെയാണ് എന്നും ഒരു വ്യാഖ്യാനമുണ്ട്. ജീവിതത്തിന്റെ അവധി കഴിഞ്ഞാൽ പിന്നെ ഏതു സന്ദേശത്തിലാണ് വിശ്വസിക്കുക? വിശ്വാസം കൈക്കൊള്ളേണ്ടത് ജീവിച്ചിരിക്കുമ്പോഴാണ്. എന്നാൽ ഇക്കൂട്ടർ വിശ്വസിക്കാൻ, പ്രവാചകൻ താക്കീതു ചെയ്യുന്ന അന്ത്യവും കാത്തിരിക്കുകയാണ്. ലോകാവസാനം ഉണ്ടെങ്കിൽ ഇങ്ങുവരട്ടേ അപ്പോൾ വിശ്വസിച്ചുകളയാമെന്നാണവരുടെ നിലപാട്. പക്ഷേ, അതു വന്നുഭവിച്ചുകഴിഞ്ഞാൽ പിന്നെ അതിൽ വിശ്വസിക്കേണ്ട കാര്യം അവശേഷിക്കുന്നില്ല എന്ന് ഈ മൂഢന്മാർ ചിന്തിക്കുന്നില്ല. ലോകത്തിന്റെ അല്ലെങ്കിൽ മനുഷ്യജീവിതത്തിന്റെ അവധി അവസാനിക്കുന്നതോടെ കഥ പൂർണമായി അവസാനിച്ചു. ആ അന്ത്യം പ്രത്യക്ഷപ്പെടുന്നതിനു മുമ്പേ അതിൽ വിശ്വസിക്കണമോ അവിശ്വസിക്കണമോ എന്ന തർക്കത്തിനേ പ്രസക്തിയുള്ളൂ. എല്ലാം സംഭവിച്ചുകഴിഞ്ഞ ശേഷം വിശ്വസിച്ചാലെന്ത്? നിഷേധിച്ചാലെന്ത്? നേരത്തേ വിശ്വസിക്കുകയോ അവിശ്വസിക്കുകയോ ചെയ്തതിന്റെ ഫലം അനുഭവിക്കുക എന്നതുമാത്രമേ പിന്നെ മനുഷ്യന്റെ മുന്നിൽ അവശേഷിക്കുന്നുള്ളൂ. ■